# ഇടതും ഇസ്‌ലാമും അന്തർദേശീയ തലത്തിൽ

**ഇടതുപക്ഷവും ഇസ്‌ലാമിക പ്രസ്ഥാനവും തമ്മിലുള്ള പ്രശ്നാധിഷ്ഠിത ബന്ധവും യോജിച്ച രാഷ്ട്രീയ മുന്നേറ്റങ്ങളും നമ്മുടെ നാട്ടിൽ വലിയൊരു ചർച്ചാവിഷയമാണ്. സാമ്രാജ്യത്വത്തിനും ഫാഷിസത്തിനും ഭരണകൂട ഭീകരതക്കുമെതിരായ സമരത്തിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കും ഇടതുപക്ഷത്തിനുമിടയിൽ യോജിക്കാൻ പറ്റുന്ന പോയിന്റുകളുണ്ടെന്നും അങ്ങനെയൊരു ബന്ധം സാധ്യമാകണമെന്നും കരുതുന്നവർ ഇരുപക്ഷത്തുമുണ്ട്. എന്നാൽ ഇടതും ഇസ്‌ലാമും തമ്മിലുള്ള ഏതു ബന്ധവും അപായകരമാണെന്നും ന്യൂനപക്ഷ വർഗീയതയെ പ്രോത്സാഹിപ്പിക്കാനേ അത് വഴിവെക്കുകയുള്ളൂവെന്നും അഭിപ്രായപ്പെടുന്ന, അങ്ങനെയുള്ള ബന്ധങ്ങൾ വർഗരാഷ്ട്രീയത്തിൽ നിന്നുള്ള വ്യതിചലനമാണെന്ന് സിദ്ധാന്തിക്കുന്ന ആളുകൾ ഇടതുപക്ഷത്തുണ്ട്. അന്തർദേശീയ തലത്തിൽ ഇസ്‌ലാമികരും ഇടതരും തമ്മിലുള്ള ബന്ധമെന്ത് എന്നത് ഈ സന്ദർഭത്തിൽ കൗതുകകരമാവും. ഈ വിഷയത്തിൽ ഈയിടെ വായിച്ച മൂന്ന് ലേഖനങ്ങൾ വായനക്കാരുമായി പങ്കുവെക്കാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്.**

**ഇടതുപക്ഷവും** ഇസ്‌ലാമിക പ്രസ്ഥാനവും തമ്മിലുള്ള പ്രശ്നാധിഷ്ഠിത ബന്ധവും യോജിച്ച രാഷ്ട്രീയ മുന്നേറ്റങ്ങളും നമ്മുടെ നാട്ടിൽ വലിയൊരു ചർച്ചാ വിഷയമാണ്. സാമ്രാജ്യത്വത്തിനും ഫാഷിസത്തിനും ഭരണകൂട ഭീകരതക്കുമെതിരായ സമരത്തിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കും ഇടതുപക്ഷത്തിനുമിടയിൽ യോജിക്കാൻ പറ്റുന്ന പോയിന്റുകളുണ്ടെന്നും അങ്ങനെയൊരു ബന്ധം സാധ്യമാകണമെന്നും കരുതുന്നവർ ഇരുപക്ഷത്തുമുണ്ട്. എന്നാൽ ഇടതും ഇസ്‌ലാമും തമ്മിലുള്ള ഏതു ബന്ധവും അപായകരമാണെന്നും ന്യൂനപക്ഷ വർഗീയതയെ പ്രോത്സാഹിപ്പിക്കാനേ അത് വഴിവെക്കുകയുള്ളൂവെന്നും അഭിപ്രായപ്പെടുന്ന, അങ്ങനെയുള്ള ബന്ധങ്ങൾ വർഗ രാഷ്ട്രീയത്തിൽ നിന്നുള്ള വ്യതിചലനമാണെന്ന് സിദ്ധാന്തിക്കുന്ന ആളുകൾ ഇടതുപക്ഷത്തുണ്ട്. ഇസ്‌ലാമികർ ഇടതുപക്ഷവുമായി ചേർന്ന് സാമ്രാജ്യത്വത്തിനെതിരെ സമരമുന്നണി തീർക്കാമെന്നൊക്കെ പറയുന്നത് ആളെപ്പറ്റിക്കുന്ന ഏർപ്പാടാണെന്ന് അവർ അടിവരയിടുന്നു. തങ്ങൾക്ക് ഭൂരിപക്ഷമോ സ്വാധീനമോ ഉള്ള പ്രദേശങ്ങളിൽ അവർ ഇടതുപക്ഷത്തെ അടുപ്പിക്കാറില്ല എന്നാണ് അവർ പറയുന്നത്. ഇസ്‌ലാമികർ-ഇടതർ ബന്ധത്തിന് ആശയപരമായ അടിത്തറയൊന്നുമില്ലെന്നും സങ്കുചിതമായ കക്ഷി രാഷ്ട്രീയ താൽപര്യങ്ങൾ മാത്രമാണ് അതിന്റെ പിന്നിലെന്നും ആരോപിക്കുന്ന മുസ്‌ലിം ഗ്രൂപ്പുകളും ഉണ്ട്.

അന്തർദേശീയ തലത്തിൽ ഇസ്‌ലാമികരും ഇടതരും തമ്മിലുള്ള ബന്ധമെന്ത് എന്നത് ഈ സന്ദർഭത്തിൽ കൗതുകകരമാവും. ഈ വിഷയത്തിൽ ഈയിടെ വായിച്ച മൂന്ന് ലേഖനങ്ങൾ വായനക്കാരുമായി പങ്കുവെക്കാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

ജില്യൻ ഷോഡ്‌ലർ, ജാനീൻ എ. ക്ലർക്ക് എന്നിവർ ചേർന്നെഴുതിയ Islamist-left cooperation in the Arab World എന്നതാണ് ഒന്നാമത്തെ ലേഖനം. മുമ്പൊരിക്കൽ ഈ കോളത്തിൽ പരാമർശിച്ച *ഐ.എസ്.ഐ.എം റിവ്യൂ* എന്ന മാഗസിന്റെ പുതിയ ലക്കത്തിലാണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഈജിപ്ത്, യമൻ, ജോർദാൻ എന്നിവിടങ്ങളിലെ ഇഖ്‌വാനുൽ മുസ്‌ലിമൂനും ഇടതുപക്ഷ കക്ഷികളും തമ്മിലുള്ള തന്ത്രപരവും അടവുപരവുമായ (Strategical and Tactical) ബന്ധങ്ങളെ വിശകലനം ചെയ്യുകയാണ് ലേഖനം. ഈജിപ്തിലെ സ്വേഛാധിപത്യ ഭരണത്തിനെതിരെ സ്വാതന്ത്ര്യത്തിനും രാഷ്ട്രീയ പരിഷ്കരണത്തിനും വേണ്ടിയുള്ള യോജിച്ച പോരാട്ടങ്ങളിൽ ഇടതുപക്ഷവും ഇസ്‌ലാമികരും യോജിച്ചു മുന്നേറിയതെങ്ങനെ എന്ന് ലേഖനം വിശദമാക്കുന്നു.

2002-ൽ രൂപീകരിക്കപ്പെട്ട 'ആഗോളവൽക്കരണ വിരുദ്ധ മുന്നണി', ഭരണകൂടത്തിനെതിരായ പൊതുവായ ജനകീയ പ്രക്ഷോഭം നയിച്ച ഇസ്‌ലാമിസ്റ്റുകളും മാർക്സിസ്റ്റുകളും നാസറിസ്റ്റുകളുമെല്ലാം ചേർന്ന *കിഫായ* ('ഞങ്ങൾക്ക് മതിയായി') മുന്നണി തുടങ്ങിയവയെല്ലാം ഇടത്-ഇസ്‌ലാം ഐക്യ പ്രവണതക്ക് ആക്കംകൂട്ടി. ഈജിപ്ഷ്യൻ സമൂഹത്തിൽ ആഴത്തിൽ വേരുകളുള്ള ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ പിന്തുണയില്ലാതെ അവിടെ ഒരു ജനകീയ പ്രസ്ഥാനവും വിജയിക്കുകയില്ല. ഇക്കാരണം കൊണ്ട് തന്നെ എല്ലാ വിഭാഗക്കാരും തങ്ങളുടെ പ്രക്ഷോഭങ്ങൾക്ക് ഇഖ്‌വാന്റെ പിന്തുണ ലഭിക്കാൻ ആഗ്രഹിക്കും. ഇസ്‌ലാമിസ്റ്റുകൾക്ക് പ്രാമുഖ്യമുള്ള പ്രദേശങ്ങളിൽ ഇടതുപക്ഷവുമായി ഐക്യത്തിന് അവർ മെനക്കെ

ടാറില്ല എന്ന നമ്മുടെ നാട്ടിലെ യാഥാസ്ഥിതിക മാർക്സിസ്റ്റുകളുടെ വാദത്തിന് ഇവിടെ പ്രസക്തിയില്ലാതാവുന്നു.

1989-ലെ ഭരണ പരിഷ്കരണത്തെത്തുടർന്ന് ജോർദാനിൽ രാഷ്ട്രീയ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടതു മുതൽ ഇഖ്വാനും ഇടതുപക്ഷവും പല വേദികളിൽ യോജിക്കുന്നതായി ലേഖനം പറയുന്നു. 1992-ൽ തെരഞ്ഞെടുപ്പ് നിയമത്തിലെ അപാകങ്ങൾക്കെതിരെ ഇഖ്വാന്റെ രാഷ്ട്രീയ വിഭാഗമായ ഇസ്‌ലാമിക് ആക്ഷൻ ഫ്രണ്ടും ഇടതുപക്ഷ നേതാക്കളും സംയുക്ത പത്രസമ്മേളനം നടത്തിയതു വരെയുള്ള കാര്യങ്ങൾ ലേഖകൻ വിവരിക്കുന്നുണ്ട്.

യമനിലാകട്ടെ യമൻ സോഷ്യലിസ്റ്റ് പാർട്ടിയും (വൈ.എസ്.പി) ഇസ്‌ലാമിക പ്രസ്ഥാനമായ അൽ ഇസ്‌ലാഹും കടുത്ത വൈരത്തിലായിരുന്നു. എന്നാൽ 2002 ആവുമ്പോഴേക്ക് രണ്ട് പാർട്ടികളും പല രംഗങ്ങളിലും യോജിക്കുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. 2003-ലെ തെരഞ്ഞെടുപ്പിൽ അൽ ഇസ്‌ലാഹിന് വിജയ സാധ്യതയുള്ള 130 മണ്ഡലങ്ങളിൽ ഇലക്ഷൻ കാമ്പയിൻ നടത്തേണ്ടെന്ന് വൈ.എസ്.പിയും വൈ.എസ്.പിക്ക് വിജയസാധ്യതയുള്ള 30 സ്ഥലങ്ങളിൽ സ്ഥാനാർഥികളെ പിൻവലിക്കാൻ അൽ ഇസ്‌ലാഹും ധാരണയായി. ഇസ്‌ലാമിക ശരീഅത്ത്, സ്ത്രീ പുരുഷ സമത്വം തുടങ്ങിയ വിഷയങ്ങളിൽ തീർത്തും വിരുദ്ധമായ തങ്ങളുടെ നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ടുതന്നെയാണ് ഇരുകൂട്ടരും മേൽ പറഞ്ഞ മൂന്ന് രാജ്യങ്ങളിലും തെരഞ്ഞെടുപ്പു രംഗങ്ങളിലും പ്രക്ഷോഭ വേദികളിലും ഒന്നിക്കുന്നതെന്ന് ലേഖകൻ പറയുന്നു.

The Left and Jihad എന്ന തലക്കെട്ടിൽ opendemocracy.net എന്ന വെബ് പോർട്ടലിൽ ഫ്രെഡ് ഹാലിഡേ എഴുതിയ ലേഖനമാണ് രണ്ടാമത്തേത്. പാശ്ചാത്യലോകത്ത് ശക്തമാവുന്ന ഇടത്-ഇസ്‌ലാമിസ്റ്റ് ഐക്യത്തെ ശക്തമായി വിമർശിക്കുകയാണ് ഹാലിഡേ. ഹമാസ്, ഹിസ്ബുല്ല എന്നീ പ്രസ്ഥാനങ്ങളോടും ഇറാൻ എന്ന ഇസ്‌ലാമിക രാജ്യത്തോടും ഇടതുപക്ഷം സ്വീകരിക്കുന്ന അനുകൂല സമീപനത്തെ ലേഖകൻ ചോദ്യം ചെയ്യുന്നു. ഹ്യൂഗോ ഷാവേസ് തെഹ്റാനിലേക്ക് പറക്കുന്നതിനെ അദ്ദേഹത്തിന് അനുകൂലിക്കാൻ കഴിയുന്നില്ല. ബ്രിട്ടനിലെ ഇസ്‌ലാമിസ്റ്റ്-ഇടതുപക്ഷ കൂട്ടായ്മയായ റെസ്പെക്റ്റ് പാർട്ടിയെയും അതിന്റെ പാർലമെന്റ് അംഗം ജോർജ് ഗാലവെയും അദ്ദേഹത്തിന്റെ വിമർശനത്തിന് വിധേയമാകുന്നുണ്ട്. ഗാലവെയും ലണ്ടൻ മേയർ കെൻ ലിവിംഗ്സ്റ്റനും ചേർന്ന് ഡോ. യൂസുഫുൽ ഖറദാവിക്ക് സ്വീകരണം നൽകിയതിനെ അദ്ദേഹത്തിന് ഉൾക്കൊള്ളാൻ പറ്റുന്നില്ല. സ്പെയിനിലെ ബാസ്ക് വിപ്ലവകാരികൾ We are all Hezbollah എന്ന ബാനറുയർത്തി പ്രകടനം നടത്തിയ കാര്യം അദ്ദേഹത്തെ അത്ഭുതപ്പെടുത്തുന്നുണ്ട്. സോവിയറ്റ് യൂനിയൻ നിലനിന്നിരുന്ന കാലത്ത് പല രാജ്യങ്ങളിൽ നിലവിലുണ്ടായിരുന്ന ഇസ്‌ലാമിസ്റ്റ്-കമ്യൂണിസ്റ്റ് സംഘർഷത്തെയും പോരാട്ടത്തെയും വിശകലനം ചെയ്തുകൊണ്ട് ചരിത്രബോധമില്ലാത്ത നിലപാടാണ് പുതുകാല ഇടതുപക്ഷം സ്വീകരിക്കുന്നതെന്ന് അദ്ദേഹം ആരോപിക്കുന്നു. ഇടതുപക്ഷത്തിന് ഓർമക്കുറവ് സംഭവിക്കരുതെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകുന്നുണ്ട്. വിവരങ്ങളുടെ വലിയ പിന്തുണയോടെയാണ് ലേഖകൻ വിഷയം അവതരിപ്പിക്കുന്നതെങ്കിലും ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ വിശകലനം ചെയ്യുന്നേടത്ത് അൽഖാഇദയെയും ഹമാസിനെയും ഒരേ കള്ളിയിൽ പെടുത്തുമ്പോൾ അദ്ദേഹത്തിന്റെ വിശകലനത്തിന് ദൗർബല്യം നേരിടുന്നു.

ഹാലിഡേയുടെ വിശകലനങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഫൗസി സിസ്‌ലി, ജാക്‌ലിൻ കായ് എന്നിവർ ചേർന്ന് അതേ പോർട്ടലിൽ തന്നെ A Liberal Logic, Reply to Fred Halliday എന്ന പേരിൽ ലേഖകന് മറുപടി എഴുതിയിട്ടുണ്ട്. ഇസ്‌ലാമിന് സാമ്രാജ്യത്വവിരുദ്ധ ശക്തിയാവാൻ കഴിയില്ലെന്ന ഹാലിഡേയുടെ കണ്ടെത്തൽ ലിബറൽ മതേതര വാദികളുടെ സ്ഥിരം ആധ്യബോധത്തിനപ്പുറം മറ്റൊന്നുമല്ലെന്ന് അവർ വ്യക്തമാക്കുന്നു. സാമൂഹികനീതിക്കും അധീശത്വത്തിനെതിരിലുമുള്ള ഇസ്‌ലാമിന്റെ സഹജമായ ആന്തരികശക്തിയെ മനസ്സിലാക്കാൻ പരമ്പരാഗത മതേതര ലിബറലിസ്റ്റുകൾക്ക് കഴിയാറില്ല. ഹിസ്ബുല്ലയെയും ഇഖ്വാനെയുമെല്ലാം അൽഖാഇദയുമായി സാമ്യപ്പെടുത്തുന്ന വിശകലന രീതിയെയും അവർ വിമർശിക്കുന്നു. ഇസ്‌ലാമിസ്റ്റുകൾ ഇടതുപക്ഷക്കാർക്കെതിരെ നടത്തിയെന്നു പറയുന്ന ആക്രമണങ്ങളെ പെരുപ്പിക്കുന്ന ഹാലിഡേ ഇടതുപക്ഷം ഇസ്‌ലാമിക നേതാക്കൾക്കെതിരെ നടത്തിയ കൈയേറ്റങ്ങളെ കാണാതിരിക്കുകയാണ്. മൊറോക്കോയിലെ ഇസ്‌ലാമിക പ്രസ്ഥാനമായ അൽ അദ്‌ലു വൽ ഇഹ്സാൻ സ്വേഛാധിപത്യ സർക്കാറിനാൽ നിരോധിക്കപ്പെടുകയും അതിന്റെ നേതാവ് അബ്ദുസ്സലാം യാസീൻ തടങ്കലിലടക്കപ്പെടുകയും ചെയ്തപ്പോൾ ഇടതുപക്ഷ നേതാവായ അബ്ദുർറഹ്മാൻ യൂസുഫ് ഭരണകൂടത്തിനൊപ്പം നിൽക്കുകയും പ്രധാനമന്ത്രി സ്ഥാനം നേടിയെടുക്കുകയും ചെയ്തു. അൾജീരിയയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തെ ഭരണകൂടം രക്തരൂഷിതമായ നടപടികളിലൂടെ വേട്ടയാടുമ്പോൾ ഇടതു നേതാക്കളായ റാശിദ് ബജോദ്റയും ഖാലിദ് മസൂദിയും ഭരണകൂടത്തിന്റെ പക്ഷത്ത് നിന്നതിനെയും അവർ വിമർശിക്കുന്നു. പഴയ ഏടുകളിൽനിന്നല്ല പുതിയ അനുഭവങ്ങളിൽനിന്നാണ് മൂർത്തമായ രാഷ്ട്രീയ സംവാദങ്ങൾ ഉയർന്നുവരേണ്ടതെന്നാണ് അവർ അഭിപ്രായപ്പെടുന്നത്.

ഇടത്-ഇസ്‌ലാം സംവാദമെന്നത് പുതിയ കാലത്ത് ഒരു ആഗോളപ്രതിഭാസം തന്നെയാണെന്ന് ഇത്തരം ചർച്ചകൾ അടിവരയിടുന്നു. ■